LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബു റബ്ബ് : സർ, ബഹുമാനപ്പെട്ട ചാൻസലർ യോഗം വിളിച്ചത് നടാടെയല്ല. ഇപ്പോഴുള്ള ചാൻസലറിന് മുമ്പുള്ള ചാൻസലറും യോഗം വിളിച്ചിരുന്നു. ചാൻസലർക്ക് വൈസ് ചാൻസലർമാരുടെ യോഗം വിളിക്കാനുള്ള അധികാരമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ഇപ്പോൾ നിലവിലുള്ള ചാൻസലറും യോഗം വിളിച്ചത്. എല്ലാ വൈസ് ചാൻസലർമാരും പങ്കെടുത്തു. ഓരോ യൂണിവേഴ്സിറ്റി തലത്തിലുമുള്ള അക്കാദമികവും അഡ്മിനിസ്ട്രേറ്റീവ് തലത്തിലുമുള്ള കാര്യങ്ങളെക്കുറിച്ചുള്ള പൊതുവായ ചർച്ചകൾ നടത്തി ഒരു വൈസ് ചാൻസലേഴ്സ് കൗൺസിൽ ഉണ്ടാക്കണമെന്നുള്ള തീരുമാനംവന്നു. അതിനനുസരിച്ച് ചാൻസലറും പ്രോ-ചാൻസലറും വൈസ് ചാൻസലർമാരും അടങ്ങിയ ഒരു കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കാര്യങ്ങൾ പോവുകയാണ്. മാത്രമല്ല ഏറ്റവും നല്ല യൂണിവേഴ്സിറ്റിക്ക് ചാൻസലറുടേതായ ഒരു അവാർഡ് കൊടുക്കണമെന്നുള്ള തീരുമാനം വന്നു. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കാനും പരിശോധന നടത്താനും ഗവർണ്ണർ ചെയ്ത നല്ലൊരു കാര്യമായിട്ടാണ് ഞാൻ അതിനെ കാണുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി

4 (*94) ശ്രീ. കെ. കെ. നാരായണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കലും മറ്റ് നടപടി ക്രമങ്ങളും സാധാരണക്കാരായ കാർഡുടമകൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി തയ്യാറാക്കിയ ക്യാമ്പുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതിനാലും സങ്കീർണ്ണതകളാലും സ്ത്രീകളും വൃദ്ധരും വളരെ ദുരിതമനുഭവിക്കേണ്ടി വന്ന കാര്യം അറിവുള്ളതാണോ ;

(ഡി) പുതിയ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ക്യാമ്പുകളുടെ നടത്തിപ്പിനായി ഉദ്യോഗസ്ഥർ പണപ്പിരിവ് നടത്തിയതായി അറിയാമോ ; ഇതിന് നിർദ്ദേശം നല്കിയിരുന്നോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി വിതരണം ചെയ്ത ഫോറം പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽ നിന്നും പൂരിപ്പിച്ചു വാങ്ങി, കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്ന നടപടിയാണ് നടന്നുവരുന്നത്. 31-3-2015-ന് ഈ ഘട്ടം അവസാനിക്കുന്നതാണ്.

(ബി) പ്രാരംഭഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിന്നീട് ഒരു പരാതിയും ഉണ്ടാവാത്ത നിലയിൽ ക്യാമ്പുകൾ ഇപ്പോഴും തുടരുന്നു.

(സി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. ക്യാമ്പുകൾക്കായി തിരഞ്ഞെടുത്തിട്ടുള്ളത് സ്കൂളുകളും പഞ്ചായത്ത് ഹാൾ പോലുള്ള പൊതുവായ കെട്ടിടങ്ങളുമാണ്. കുടിവെള്ളം, പ്രാഥമിക ശുശ്രൂഷാ സൗകര്യം, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം എന്നിവ ക്യാമ്പുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുതിയ കാർഡുകൾ 1-7-2015 മുതൽ നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ക്യാമ്പുകളുടെ നടത്തിപ്പിനായി ഓരോ താലൂക്കിനും നിശ്ചിതമായ തുക പൊതുവിതരണ വകുപ്പ് നൽകിയിട്ടുണ്ട്. ക്യാമ്പിന്റെ നടത്തിപ്പിനായി പണപ്പിരിവ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly